# PSC Laboratory Technical Assistant-Fisheries (Fish Processing Technology) in VHSE Examination Previous Year Question Paper

***Exam Name: Laboratory Technical Assistant-Fisheries (Fish Processing Technology) in VHSE***

***Question Paper Code: 135/2014***

***Medium of Questions: Malayalam***

# 135/2014 - M

1. ജ്ഞാനപീഠം അവാർഡ് നേടിയ ആദ്യത്തെ മലയാളി :
   (A) തകഴി ശിവശങ്കരപ്പിള്ള (B) M.T. വാസുദേവൻ നായർ
   (C) ജി. ശങ്കരക്കുറുപ്പ് (D) ഒ.എൻ.വി. കുറുപ്പ്

2. ഭാഷാ നൈഷധം ചമ്പുവിന്റെ കർത്താവ് :
   (A) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ
   (B) മഴമംഗലം നമ്പൂതിരി
   (C) A.R രാജരാജ വർമ്മ
   (D) പി. കുഞ്ഞിരാമൻ നായർ

3. കേരള കലാമണ്ഡലത്തിന്റെ സ്ഥാപകൻ :
   (A) S.K. പൊറ്റക്കാട് (B) വേങ്ങയിൽ കുഞ്ഞിരാമൻ നായർ
   (C) വള്ളത്തോൾ നാരായണ മേനോൻ (D) തുഞ്ചത്ത് എഴുത്തച്ഛൻ

4. 'പാടുന്ന വയലിൻ' എന്നറിയപ്പെടുന്ന സംഗീതജ്ഞ :
   (A) ഡോ: എൻ. രാജം (B) ലതാ മങ്കേഷ്ക്കർ
   (C) M.S. സുബ്ബലക്ഷ്മി (D) S. ജാനകി

5. 'കെരാട്ടോ പ്ലാസ്റ്റി' എന്ന ശസ്ത്രക്രിയ ഏതവയവവുമായി ബന്ധപ്പെട്ടതാണ് ?
   (A) ത്വക്ക് (B) ചെവി (C) ശ്വാസ കോശം (D) കണ്ണ്

6. മഞ്ഞളിൽ അടങ്ങിയിരിക്കുന്ന രാസവസ്തു :
   (A) കാൽസ്യം ഓക്സലേറ്റ് (B) പോളി ഫിനോൾ
   (C) കരോട്ടിൻ (D) കുർക്കുമിൻ

7. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കരിമ്പ് ഉല്പാദിപ്പിക്കുന്ന സംസ്ഥാനം :
   (A) ഉത്തർപ്രദേശ് (B) പഞ്ചാബ് (C) രാജസ്ഥാൻ (D) ഗുജറാത്ത്

8. രാജ്യ സഭയിലേക്ക് മത്സരിക്കാനുള്ള കുറഞ്ഞ പ്രായം :
   (A) 21 വയസ്സ് (B) 35 വയസ്സ് (C) 30 വയസ്സ് (D) 25 വയസ്സ്

9. ഭരണകാലത്ത് ഒരിക്കൽപ്പോലും പാർലമെന്റിൽ സന്നിഹിതനാകാതിരുന്ന ഇന്ത്യൻ പ്രധാനമന്ത്രി :
   (A) ലാൽബഹാദൂർ ശാസ്ത്രി (B) ചരൺ സിംഗ്
   (C) വി.പി. സിംഗ് (D) എ.ബി. വാജ്പേയി

10. ഇന്ത്യൻ രാഷ്ട്രപതിയാകുന്നതിന് മുമ്പ് ഭാരതരത്നം അവാർഡ് നേടിയ വ്യക്തി :
   (A) നീലം സഞ്ജീവ റെഡ്ഡി (B) വി.വി. ഗിരി
   (C) ഡോ: രാധാകൃഷ്ണൻ (D) ഡോ: സക്കീർ ഹുസൈൻ

11. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി :
   (A) Dr. B.R. അംബേദ്കർ (B) സർദാർ വല്ലഭായ് പട്ടേൽ
   (C) മൗലാനാ അബ്ദുൾകലാം ആസാദ് (D) ഡോ: രാജേന്ദ്ര പ്രസാദ്

12. ബംഗാൾ വിഭജനം നടത്തിയ വൈസ്രോയി :
   (A) വില്യം ബെൻടിക് പ്രഭു (B) ഹർഡിഞ്ച് പ്രഭു
   (C) കോൺവാലിസ് പ്രഭു (D) കഴ്സൺ പ്രഭു

13. "നിങ്ങൾ എനിക്ക് രക്തം നല്കു, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം നല്കാം" എന്ന് പറഞ്ഞ നേതാവ് :
   (A) ബാലഗംഗാധര തിലക് (B) സുഭാഷ്ചന്ദ്ര ബോസ്
   (C) അരവിന്ദ ഘോഷ് (D) ലാലാലജ്പത് റായ്

14. 1857 -ലെ ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ട സ്ഥലം :
   (A) ഡൽഹി (B) ഝാൻസി (C) മീററ്റ് (D) കാൺപൂർ

15. നോബൽ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരൻ :
   (A) രവീന്ദ്രനാഥ ടാഗോർ (B) സി.വി. രാമൻ
   (C) വി.എസ്. നയ്പോൾ (D) മദർ തെരേസ

16. 'Sunny Days' ആരുടെ ആത്മ കഥയാണ് ?
   (A) കപിൽ ദേവ് (B) സുനിൽ ഗവാസ്കർ
   (C) രവി ശാസ്ത്രി (D) സച്ചിൻ ടെൻഡുൽക്കർ

17. കേരളാ ഗവർണ്ണർ ആയതിനുശേഷം ഇന്ത്യൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി:
(A) K.R. നാരായണൻ (B) ശങ്കർ ദയാൽ ശർമ്മ
(C) R. വെങ്കിട്ട രാമൻ (D) V.V. ഗിരി

18. 'ലീലാവതി' എന്ന ഗണിതശാസ്ത്ര ഗ്രന്ഥത്തിന്റെ കർത്താവ് :
(A) രാമാനുജൻ (B) വിഷ്ണു ഗുപ്തൻ
(C) ഭാസ്കരാചാര്യർ (D) പതഞ്ജലി

19. 'കോവിലൻ'എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ :
(A) വി.വി. അയ്യപ്പൻ (B) അച്യുതൻ നമ്പൂതിരി
(C) പി.സി. കുട്ടികൃഷ്ണൻ (D) കെ.പി. കേശവ മേനോൻ

20. 'ഭരതനാട്യം'ഏത് സംസ്ഥാനത്തിന്റെ തനതായ നൃത്തരൂപമാണ് ?
(A) ആന്ധ്രാപ്രദേശ് (B) തമിഴ്നാട് (C) കേരളം (D) കർണ്ണാടകം

21. ഒരു നിശ്ചിത പരിധികൊണ്ട് പരമാവധി വിസ്തീർണ്ണം കിട്ടുന്ന ദ്വിമാന രൂപം :
(A) ത്രികോണം (B) സമചതുരം (C) ദീർഘചതുരം (D) വൃത്തം

22. റോമൻ സമ്പ്രദായത്തിൽ 'M' ഏത് സംഖ്യയെ സൂചിപ്പിക്കുന്നു ?
(A) 1,000 (B) 100 (C) 10,000 (D) 1,00,000

23. ദിവസത്തെ ആദ്യമായി 24 മണിക്കൂറായി ഭാഗിച്ചത് ഏത് രാജ്യക്കാരാണ് ?
(A) ഇന്ത്യക്കാർ (B) ചൈനക്കാർ
(C) ബാബിലോണിയക്കാർ (D) ഈജിപ്തുകാർ

24. ഒരു 'വ്യാഴവട്ടം' എന്നാൽ എത്ര വർഷമാണ് ?
(A) 10 വർഷം (B) 25 വർഷം (C) 15 വർഷം (D) 12 വർഷം

25. 2013 -ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച സാഹിത്യകാരൻ :
(A) വിഷ്ണു നാരായണൻ നമ്പൂതിരി (B) പെരുമ്പടവം ശ്രീധരൻ
(C) സച്ചിദാനന്ദൻ (D) പ്രൊഫ: M.K. സാനു



www.pscnet.in fb.com/pscnet.in

26. "ഞാനാണ് രാഷ്ട്രം" എന്ന് പ്രഖ്യാപിച്ച ഭരണാധികാരി :
(A) ഹെൻറി VIII
(B) ലൂയി XIV
(C) വിക്ടർ ഇമ്മാനുവൽ
(D) ജയിംസ് I

27. "ഇൗങ്കിലാബ് സിന്ദാബാദ്" എന്ന മുദ്രാവാക്യം ആദ്യം വിളിച്ചതാര് ?
(A) ഭഗത് സിംഗ്
(B) സൂര്യ സെൻ
(C) ചന്ദ്രശേഖർ ആസാദ്
(D) ബാലഗംഗാധര തിലകൻ

28. ഇന്ത്യയിലേക്ക് അവസാനം വന്നെത്തിയ വിദേശീയർ :
(A) ഇംഗ്ലീഷുകാർ
(B) ഡച്ചുകാർ
(C) ഫ്രഞ്ചുകാർ
(D) പോർച്ചുഗീസുകാർ

29. ഇന്ത്യയിലെ ആദ്യ സോഫ്ട്‌വെയർ ടെക്നോളജി പാർക്ക് സ്ഥാപിച്ച സ്ഥലം :
(A) തിരുവനന്തപുരം
(B) ഹൈദ്രാബാദ്
(C) ബാംഗ്ലൂർ
(D) നോയ്ഡ

30. ഒട്ടും വനപ്രദേശമില്ലാത്ത ഇന്ത്യൻ സംസ്ഥാനം :
(A) ഗോവ
(B) പഞ്ചാബ്
(C) സിക്കിം
(D) ഹിമാചൽ പ്രദേശ്

31. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ 'ആടുജീവിതം' എന്ന നോവലിന്റെ കർത്താവ് :
(A) K.R. മീര
(B) ബെന്യാമിൻ
(C) ആനന്ദ്
(D) ഇ. സന്തോഷ് കുമാർ

32. ഏഷ്യയിലെ ആദ്യ ഡോൾഫിൻ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതെവിടെ ?
(A) ബനാറസ് സർവ്വകലാശാലയിൽ
(B) അലിഗഡ് സർവ്വകലാശാലയിൽ
(C) പാറ്റ്ന സർവ്വകലാശാലയിൽ
(D) ഡൽഹി സർവ്വകലാശായിൽ

33. ഫ്രഞ്ച് ഗയാനയിലെ കൗറുവിൽ നിന്നും 2013 ജൂലൈയിൽ ഇന്ത്യ വിക്ഷേപിച്ച കാലാവസ്ഥാ നിർണ്ണയ ഉപഗ്രഹം :
(A) ഇൻസാറ്റ് 3D
(B) കാർട്ടോസാറ്റ്
(C) INRSS IA
(D) റിസോഴ്സ് സാറ്റ് – 2

34. ചന്ദ്രയാന്റെ പ്രോജക്ട് ഡയറക്ടർ :
(A) A.P.J.അബ്ദുൾ കലാം (B) G. മാധവൻ നായർ
(C) M. അണ്ണാദുരെ (D) K. രാധാകൃഷ്ണൻ

35. ഇന്ത്യയിൽ വോട്ടർമാരുടെ ദിനമായി ആചരിക്കുന്ന ദിവസം :
(A) ഡിസംബർ 10 (B) ജനുവരി 25 (C) മാർച്ച് 8 (D) സെപ്റ്റംബർ 1

36. ഏറ്റവും കൂടുതൽ കാലം കോൺഗ്രസ്സ് അധ്യക്ഷ പദവി അലങ്കരിച്ച വ്യക്തി :
(A) ജവഹർലാൽ നെഹ്റു (B) ഗോപാലകൃഷ്ണ ഗോഖലെ
(C) ഇന്ദിരാ ഗാന്ധി (D) സോണിയാ ഗാന്ധി

37. കേരളത്തിലെ എണ്ണ ശുദ്ധീകരണ ശാല സ്ഥിതി ചെയ്യുന്ന സ്ഥലം :
(A) ആലുവ (B) പെരുമ്പാവൂർ (C) അമ്പലമുകൾ (D) ഇടപ്പള്ളി

38. ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ലോഹം :
(A) വെള്ളി (B) സ്വർണ്ണം (C) ചെമ്പ് (D) ഇരുമ്പ്

39. ഇന്ത്യയിൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ആദ്യ പട്ടണം :
(A) കോട്ടയം (B) ആലപ്പുഴ (C) എറണാകുളം (D) തൃശൂർ

40. നളന്ദ സർവ്വകലാശാലയുടെ സ്ഥാപകൻ :
(A) ചന്ദ്ര ഗുപ്തൻ II (B) കുമാര ഗുപ്തൻ
(C) സമുദ്ര ഗുപ്തൻ (D) സ്കന്ദ ഗുപ്തൻ

41. ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ട ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം :
(A) തമിഴ്നാട് (B) മഹാരാഷ്ട്ര (C) മധ്യപ്രദേശ് (D) ആന്ധ്രപ്രദേശ്

42. പുന്നപ്ര - വയലാർ സമരം നടന്ന വർഷം :
(A) 1932 (B) 1938 (C) 1945 (D) 1946

43. ഇംഗ്ലീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന ആദ്യത്തെ കലാപം :
(A) സന്താൾ കലാപം (B) ആറ്റിങ്ങൽ കലാപം
(C) പഴശ്ശി കലാപം (D) സന്യാസി ലഹള

44. താഴെ പറയുന്നവയിൽ പടിഞ്ഞാറോട്ടൊഴുകുന്ന നദി ഏത് ?

(A) കൃഷ്ണ (B) കാവേരി (C) നർമ്മദ (D) മഹാനദി

45. 2013 -ലെ ഓസ്ട്രേലിയൻ ഓപ്പൺ ടെന്നീസ് കിരീടം കരസ്ഥമാക്കിയതാര് ?

(A) നൊവാക്ക് ദ്യോക്കോവിച്ച് (B) ആൻഡി മറേ

(C) റോജർ ഫെഡറർ (D) റാഫേൽ നദാൽ

46. ഉപ്പ് സത്യാഗ്രഹ ജാഥയ്ക്ക് പ്രചോദനം നല്കിക്കൊണ്ട് "വരിക വരിക സഹചരെ" എന്ന ഗാനം രചിച്ചത് :

(A) ബോധേശ്വരൻ (B) അംശി നാരായണപിള്ള

(C) ഉള്ളൂർ.എസ്.പരമേശ്വരയ്യർ (D) ഇടപ്പള്ളി രാഘവൻപിള്ള

47. " കേരളത്തിലെ സുഭാഷ് ചന്ദ്രബോസ് " എന്നറിയപ്പെടുന്ന വ്യക്തി :

(A) വക്കം അബ്ദുൾഖാദർ മൗലവി (B) ആലി മുസലിയാർ

(C) സീതി കോയ തങ്ങൾ (D) മുഹമ്മദ് അബ്ദുൾ റഹ്മാൻ

48. 'റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ' നിലവിൽ വന്ന വർഷം :

(A) 1925 (B) 1932 (C) 1935 (D) 1945

49. ഐക്യരാഷ്ട്ര സഭ ഓസോൺ ദിനമായി ആചരിക്കുന്ന ദിവസം :

(A) ജനുവരി 25 (B) സെപ്റ്റംബർ 16

(C) ഒക്ടോബർ 8 (D) ഡിസംബർ 1

50. പ്രമേഹം ബാധിക്കുന്ന ആന്തരാവയവം :

(A) ആഗ്നേയ ഗ്രന്ഥി (B) കരൾ

(C) പിറ്റ്യൂറ്ററി ഗ്രന്ഥി (D) വൃക്കകൾ

51. സൂര്യ പ്രകാശത്തിന്റെ സഹായത്തോടെ നിർമ്മിക്കുന്ന വൈറ്റമിൻ :

(A) വൈറ്റമിൻ A (B) വൈറ്റമിൻ E (C) വൈറ്റമിൻ C (D) വൈറ്റമിൻ D

52. പ്രഥമ വനിതാ ബഹിരാകാശ സഞ്ചാരി :
(A) വാലന്റീന തെരഷ്കോവ (B) കല്പന ചൗള
(C) സുനിതാ വില്യംസ് (D) യാങ്‌ലി വെയ

53. ചന്ദ്രനിലേക്കുള്ള ദൂരം അളന്ന ആദ്യ ഭാരതീയ ശാസ്ത്രജ്ഞൻ :
(A) വരാഹ മിഹിരൻ (B) ആര്യഭടൻ
(C) ശങ്കരനാരായണൻ (D) ബ്രഹ്മഗുപ്തൻ

54. 2012 -ലെ 'സരസ്വതി സമ്മാൻ' പുരസ്കാരം ലഭിച്ച കവയത്രി :
(A) അഷിത (B) നിർമ്മല പുതുൾ
(C) സുഗതകുമാരി (D) അനാമിക

55. അർജ്ജുന അവാർഡ് നേടിയ ആദ്യ മലയാളി വനിത :
(A) ഷൈനി വിൽസൺ (B) ഏലമ്മ
(C) P.T. ഉഷ (D) അഞ്ചു ബോബി ജോർജ്ജ്

56. 2013 -ലെ ഏറ്റവും വേഗതയേറിയ താരമായ ഉസൈൻ ബോൾട്ടിന്റെ ജന്മ സ്ഥലം :
(A) ജമൈക്ക (B) സുഡാൻ (C) എത്യോപ്യ (D) ബെൽജിയം

57. കത്തോലിക്കാ സഭയുടെ പുതിയ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ട ഫ്രാൻസിസ് മാർപാപ്പ ഏത് രാജ്യക്കാരനാണ് ?
(A) ബ്രസീൽ (B) അർജന്റീന (C) കാനഡ (D) ചിലി

58. ആദ്യമായി ഇന്ത്യൻ ദേശീയ പതാക ഉയർത്തിയ നേതാവ് :
(A) ജവഹർലാൽ നെഹ്റു (B) മോട്ടിലാൽ നെഹ്റു
(C) മഹാത്മാ ഗാന്ധി (D) W.C. ബാനർജി

59. കാസർകോഡ് ജില്ല നിലവിൽ വന്ന വർഷം :
(A) 1975 (B) 1980 (C) 1965 (D) 1984

60. എത്ര വർഷം പൂർത്തിയാകുമ്പോഴാണ് 'പ്ലാറ്റിനം ജൂബിലി' ആഘോഷിക്കുന്നത് ?
(A) 75 വർഷം (B) 25 വർഷം (C) 60 വർഷം (D) 50 വർഷം

61. മാംസ്യത്തിന്റെ അഭാവം മൂലമുണ്ടാകുന്ന രോഗം :

(A) ഗോയിറ്റർ (B) വിളർച്ച (C) ന്യൂമോണിയ (D) ക്വാഷിയോർക്കർ

62. പ്രകാശ സംശ്ലേഷണം വഴി സസ്യങ്ങൾ ഉല്പാദിപ്പിക്കുന്ന വാതകം :

(A) ഓക്സിജൻ (B) കാർബൺ ഡയോക്സൈഡ്
(C) നൈട്രജൻ (D) ഹൈഡ്രജൻ

63. രക്തത്തിലെ ഹീമോഗ്ലോബിനിൽ അടങ്ങിയിരിക്കുന്ന മൂലകം :

(A) കാർബൺ (B) ഇരുമ്പ് (C) സോഡിയം (D) കാൽസ്യം

64. പഴങ്ങളെ കൃത്രിമമായി പഴുപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തു :

(A) അജിനൊ മോടോ (B) അമോണിയ
(C) കാൽസ്യം കാർബൈഡ് (D) ക്ലോറിൻ

65. ചലിക്കുന്ന വസ്തുവിന്റെ ചലനത്തെ തടസ്സപ്പെടുത്തുന്ന ബലം :

(A) പ്രതല ബലം (B) ജഡത്വം
(C) പ്ലവക്ഷമ ബലം (D) ഘർഷണ ബലം

66. നിർവ്വീര്യലായനിയുടെ pH :

(A) 6 (B) 0 (C) 7 (D) 8

67. അടുത്ത ഒളിമ്പിക്സ് നടക്കുന്ന സ്ഥലം :

(A) ജർമ്മനി (B) ടോക്കിയോ
(C) റിയോ ഡി ജനീറോ (D) ലണ്ടൻ

68. പാചക വാതകത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ഘടകം :

(A) മീഥൈൻ (B) ബ്യൂട്ടെയ്ൻ (C) ഈഥെയ്ൻ (D) സ്പിരിറ്റ്

69. ശബ്ദം ഉപയോഗിച്ച് ഇരയെ പിടിക്കുന്ന ജീവി :

(A) തവള (B) മത്സ്യം (C) വവ്വാൽ (D) പൂച്ച

www.pscnet.in fb.com/pscnet.in

70. കോസ്റ്റിക് സോഡയെ നിർവ്വീര്യമാക്കുന്ന പദാർത്ഥം :

(A) കുമ്മായം (B) മണൽ (C) കക്ക (D) വിനാഗിരി

71. രണ്ടാം വർഗ്ഗ ഉത്തോലകം :

(A) കത്രിക (B) നാരങ്ങാഞെക്കി (C) ചവണ (D) സീസൊ

72. സ്വർണ്ണത്തിന്റെ പ്രതീകം :

(A) Ag (B) Au (C) Hg (D) G

73. രോഹൻ ഒരു പാത്രത്തിൽ കുറച്ച് ഇരുമ്പ് പൊടിയെടുത്തു. ജിത്തു ആ പാത്രത്തിലേക്ക് അൽപം പഞ്ചസാര കൂടി ചേർത്തു. മിശ്രിതത്തിന്റെ പേര് എന്ത് ?

(A) ഏകാത്മക മിശ്രിതം (B) ഉദാസീന മിശ്രിതം

(C) ഭിന്നാത്മക മിശ്രിതം (D) ഇവയൊന്നുമല്ല

74. ഏലം ഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്നത് :

(A) അമ്പല വയൽ (B) കരമന (C) പട്ടാമ്പി (D) പാമ്പാടും പാറ

75. ജലത്തിലുള്ള സൂക്ഷ്മ ജീവികളെ നശിപ്പിക്കുന്നതിന് ഉപയോഗിക്കുന്നത് :

(A) ഇൻഫ്രാറെഡ് വികിരണം (B) അൾട്രാവയലറ്റ്

(C) ഗാമാ വികിരണം (D) X- വികിരണം

76. ആർദ്രത അളക്കാനുപയോഗിക്കുന്ന ഉപകരണം :

(A) ബാരോ മീറ്റർ (B) ഹൈഡ്രോ മീറ്റർ

(C) നാനോ മീറ്റർ (D) ഹൈഗ്രോ മീറ്റർ

77. വിറ്റാമിൻ D -യുടെ അഭാവം മൂലമുണ്ടാകുന്ന രോഗം :

(A) നിശാന്ധത (B) സ്കർവ്വി (C) കണ (D) ബെറിബെറി

78. ആദ്യത്തെ ഫാസ്റ്റ് ബ്രീഡർ റിയാക്റ്റർ സ്ഥിതി ചെയ്യുന്നത് :

(A) മൂലമറ്റം (B) നല്ലളം (C) ഇടുക്കി (D) കൽപ്പാക്കം



www.pscnet.in fb.com/pscnet.in

79. വാഹനങ്ങളിലെ വൈപ്പറിന്റെ ചലനം ഏത് തരം ?
(A) ഭ്രമണം (B) ദോലനം
(C) കമ്പനം (D) വർത്തുള ചലനം

80. ഖരാവസ്ഥയിലുള്ള സ്നേഹകം :
(A) വജ്രം (B) ചിരട്ടക്കരി (C) ഇരുമ്പ് (D) ഗ്രാഫൈറ്റ്

81. 14, 28, 30, 68, 77, 115 ഈ സംഖ്യകളുടെ ശരാശരി എത്ര ?
(A) 35.43 (B) 55.33 (C) 88.33 (D) 77

82. 1, 5, 17, 53, 161, ________ ഈ ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?
(A) 286 (B) 328 (C) 485 (D) 268

83. താഴെ തന്നിരിക്കുന്ന സംഖ്യകളിൽ അഭാജ്യ സംഖ്യ ഏത് ?
(A) 51 (B) 121 (C) 117 (D) 197

84. $\frac{40}{4}$ -ന്റെ 26% എത്ര ?
(A) 9.6 (B) 2.6 (C) 9.4 (D) 40

85. $\frac{10}{3} - \frac{20}{15} + \frac{4}{2} - \frac{20}{12} =$ ________ ?
(A) $2\frac{1}{3}$ (B) $2\frac{2}{3}$ (C) $\frac{4}{15}$ (D) $\frac{8}{15}$

86. ഒരാളുടെ വരവും ചിലവും 8 : 5 എന്ന അംശബന്ധത്തിലാണ്. ഇയാൾ ഒരു മാസം 3000 രൂപ സമ്പാദിക്കുന്നുവെങ്കിൽ ആ മാസത്തിൽ ഇയാളുടെ വരവ് എത്ര ?
(A) 8,000 (B) 5,000 (C) 6,500 (D) 3,000

87. $\left(3^2\right)^3 \times \frac{1}{3^2} =$ ________.
(A) 81 (B) 9 (C) 27 (D) 1

www.pscnet.in fb.com/pscnet.in

88. ഒരു നഗരത്തിലെ ജനസംഖ്യ കഴിഞ്ഞ വർഷം 50,000 ആയിരുന്നു. ഈ വർഷം 50,500 ആയാൽ ജനസംഖ്യ എത്ര ശതമാനം വർദ്ധിച്ചു ?

(A) 1 (B) 2 (C) 3 (D) 4

89. രാമുവിന്റെ അച്ഛന്റെ വയസ് രാമുവിന്റെ വയസ്സിന്റെ വർഗം ആകുന്നു. രാമുവിന്റെ അച്ഛൻ 20 -ാം നൂറ്റാണ്ടിലാണ് ജനിച്ചതെങ്കിൽ രാമുവിന്റെ വയസ്സ് എത്ര ?

(A) 43 (B) 44 (C) 54 (D) 45

90. $\sqrt{5329}$ = ________ .

(A) 53 (B) 67 (C) 73 (D) 57

91. 32 മീറ്റർ ഉയരമുള്ള ഒരു തെങ്ങ് 12 മീറ്റർ ഉയരത്തിൽ വെച്ച് ഒടിഞ്ഞ് അതിന്റെ മുകളറ്റം നിലത്ത് കുത്തിയിരിക്കുന്നു. എങ്കിൽ നിലത്ത് കുത്തിയ അറ്റം തെങ്ങിന്റെ ചുവട്ടിൽ നിന്നും എത്ര അകലെയാണ് ?

(A) 32 മീറ്റർ (B) 16 മീറ്റർ (C) 22 മീറ്റർ (D) 12 മീറ്റർ

92. $(135)^2 = 18225$ ആയാൽ $(0.135)^2$ = ________ .

(A) 18.225 (B) 1.8225 (C) 0.18225 (D) 0.018225

93. രാഹുൽ 75 മീറ്റർ നീളമുള്ള വേലികെട്ടാൻ തീരുമാനിച്ചു. ആദ്യത്തെ ദിവസം $12\frac{1}{4}$ മീറ്റർ നീളത്തിൽ വേലി കെട്ടി. രണ്ടാം ദിവസം $11\frac{3}{4}$ മീറ്റർ നീളത്തിൽ വേലികെട്ടി. ഇനി എത്ര മീറ്റർ നീളം കൂടി വേലി കെട്ടാനുണ്ട് ?

(A) 52 (B) 53 (C) 51 (D) 24

94. $\frac{0.08 \times 2.5}{0.025}$ = ________

(A) 0.8 (B) 0.08 (C) 8 (D) 80

95. 1 ക്യുബിക് മീറ്റർ = ________ ലിറ്റർ.

(A) 100 (B) 1,000 (C) 10 (D) 10,000



www.pscnet.in fb.com/pscnet.in

www.pscnet.in fb.com/pscnet.in

96. ഒരു പരീക്ഷയിൽ ഓരോ ശരിയുത്തരത്തിനും 5 മാർക്ക് വീതം കിട്ടുന്നു. ഓരോ തെറ്റുത്തരത്തിനും 2 മാർക്ക് വീതം കുറയുന്നു. 12 ശരിയുത്തരം എഴുതി ഗീതയ്ക്ക് 24 മാർക്ക് കിട്ടി. ഗീത എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതിയെങ്കിൽ തെറ്റായി ഉത്തരമെഴുതിയ ചോദ്യങ്ങളുടെ എണ്ണമെത്ര ?

(A) 12 (B) 18 (C) 14 (D) 20

97. 1, 1, 2, 3, 5, 8, ________ ഈ ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?

(A) 13 (B) 11 (C) 9 (D) 14

98. താഴെ തന്നിരിക്കുന്ന സംഖ്യകളിൽ 9 കൊണ്ട് നിശേഷം ഹരിക്കാവുന്ന സംഖ്യ ഏത് ?

(A) 42919 (B) 22923 (C) 37427 (D) 57908

99. $(3-4+7)^0 =$ ________ .

(A) 6 (B) 14 (C) 1 (D) 8

100. $1.238 - 0.45 + 0.0794 =$ ________ .

(A) 0.8674 (B) 1.2924 (C) 2.007 (D) 1.8674

-o0o-



www.pscnet.in fb.com/pscnet.in